**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 997** **06-10-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2021 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് അറിയിക്കുമോ; | (എ) | 2021 മാർച്ച് മാസം അവസാനിച്ച സാമ്പത്തിക വർഷത്തിൽ 2032.85 കോടി രൂപ (പൊതു ടാപ്പുകളുടേത് ഉൾപ്പടെ) കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട്. |
| (ബി) | വെള്ളക്കരം കുടിശ്ശിക വരുത്തിയിട്ടുള്ളവരിൽ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കെട്ടിട ഉടമസ്ഥർ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് വാട്ടർ കണക്ഷനുകൾ നൽകി വരുന്നത്. അതിൽ കെട്ടിടത്തിന്റെ മേൽ വിലാസവും ഫോൺ നമ്പരും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് ഉപഭോക്താവിന്റെ ജോലി സംബന്ധമായ വിവരങ്ങളൊന്നും തന്നെ ലെഡ്ജറിലോ ഇ-അബാക്കസ് സോഫ്റ്റ് വെയറിലോ രേഖപ്പെടുത്താറില്ല. ആയതിനാൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ചോ ഇപ്രകാരം കണക്ഷൻ വിച്ഛേദിക്കപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. സർക്കാർ സ്ഥാപനങ്ങളിൽ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പോലീസ് സ്റ്റേഷനുകൾ, മറ്റ് അവശ്യ സർവീസുകൾ എന്നിവയും ഉൾപ്പെടുന്നതിനാൽ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക വരുത്തുന്ന കണക്ഷനുകൾ വിച്ഛേദിക്കാറില്ല. |
| (സി) | ഇതിൽ ഏതൊക്കെ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വാട്ടർ കണക്ഷനുകളാണ് നാളിതുവരെ വിച്ഛേദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കെട്ടിട ഉടമസ്ഥർ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് വാട്ടർ കണക്ഷനുകൾ നൽകി വരുന്നത്. അതിൽ കെട്ടിടത്തിന്റെ മേൽ വിലാസവും ഫോൺ നമ്പരും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് ഉപഭോക്താവിന്റെ ജോലി സംബന്ധമായ വിവരങ്ങളൊന്നും തന്നെ ലെഡ്ജറിലോ ഇ-അബാക്കസ് സോഫ്റ്റ് വെയറിലോ രേഖപ്പെടുത്താറില്ല. ആയതിനാൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ചോ ഇപ്രകാരം കണക്ഷൻ വിച്ഛേദിക്കപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ചോ ഉള്ള |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ ലഭ്യമല്ല. സർക്കാർ സ്ഥാപനങ്ങളിൽ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പോലീസ് സ്റ്റേഷനുകൾ, മറ്റ് അവശ്യ സർവിസുകൾ എന്നിവയും ഉൾപ്പെടുന്നതിനാൽ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക വരുത്തുന്ന കണക്ഷനുകൾ വിച്ഛേദിക്കാറില്ല. |
| (ഡി) | കുടിശ്ശിക തുക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കുടിശ്ശിക തുക അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കുടിശ്ശിക വരുത്തിയിരിക്കുന്ന ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തുകയും, ഡിസ്കണക്ട് ചെയ്ത ഉപഭോക്താക്കളിൽ നിന്ന് കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ഉൾപ്പടെ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ